TB Weekly Review

**#MoviePanel**

CHERNOBYL

Written By : Sudhy Sj

1986 april 26
ചരിത്രത്തിലെ താളുകളിൽ ഈ തീയതിക്ക് വലിയ പ്രാധാന്യമുണ്ട്. ചെർണോബിലിലെ നാലാമത്തെ റിയാക്ടർ പൊട്ടിത്തെറിച്ച രാത്രി. അതിനെ തുടർന്ന ആഴ്ചകൾ, മാസങ്ങൾ നീണ്ട സംഭവങ്ങൾ ചരിത്രത്തിലെ കറുത്ത ദിനങ്ങളായി അടയാളപ്പെടുത്തുന്നു. റേഡിയേഷന്റെ പലമുഖങ്ങൾ ചേർത്തുവെച്ച്, മരണം ജനങ്ങളിലേക്ക് ഒഴുകിയിറങ്ങിയ ദിനങ്ങൾ. ലോകചരിത്രത്തിൽ തന്നെ ഏറ്റവും വലിയ ആണവദുരന്തം.

ഒരു ദുരന്തം, അത് കടന്നുപോകുന്ന ദിവസങ്ങളെ വളരെ ശക്തമായി അടയാളപ്പെടുത്തുന്ന ചെർണോബിൽ എന്ന ഈ മിനി സീരീസ്, ശാസ്ത്രീയ വശങ്ങളെയും, രാഷ്ട്രീയകാഴ്ചപ്പാടുകളെയും വ്യക്തമായി വരച്ചുകാണിക്കുന്നു.

ചെർണോബിൽ തുടങ്ങുന്നത് ഒരു ആത്മഹത്യയിലൂടെയാണ്, പിന്നെ പോകുന്നത് ആ ദിവസത്തേക്കാണ്. നാശംവിതച്ച ദുരന്തത്തിന്റെ ദിവസത്തേക്ക്. വളരെ ദൂരെയുള്ള ഒരു റൂമിലെ ജനാലയിലൂടെ ആണ് ആ ദുരന്തത്തെ കാണിച്ചത്
റൂമിൽ ഉള്ളവർ തന്നെ ശ്രദ്ധിച്ചിട്ടില്ല സംഭവം പിന്നീട് കാഴ്ചക്കാരേയും അവിടേക്ക് കൂട്ടുകയാണ്. ആണവനിലയത്തിലേക്ക്, അവിടത്തെ തൊഴിലാളികളിലേക്ക്, അവരുടെ ചർച്ചകളിലേക്ക്, പ്രതിരോധപ്രവർത്ഥനങ്ങളിലേക്ക്, ജീവിതനഷ്ടങ്ങളിലേക്ക്. വളരെ അതിശയകരമായ ഒരു making. അതുകൊണ്ടുതന്നെ ഈ സീരീസ് തീർച്ചയായും കാണണം എന്ന് പറയുന്നത്.

ദുരന്തത്തിന്റെ ദിവസങ്ങളെ അത്രയും ഗംഭീരമായി കാണിച്ചുതരുന്നുണ്ട് സീരീസിൽ ഉടനീളം. ഓരോ എപ്പിസോഡും അവസാനിപ്പിക്കുന്നത് ആകാംഷ നിറച്ചുകൊണ്ടുതന്നെയാണ്. എടുത്തുപറയേണ്ട ഒട്ടനവധി കാര്യങ്ങൾ ഉണ്ട്. അന്താരാഷ്ട്ര നിലവാരം പുലർത്തുന്ന ഛായാഗ്രഹണം, മ്യൂസിക്, അഭിനേതാക്കളുടെ പ്രകടനം, സംവിധാനത്തിലെ വൈദഗ്ധ്യം. ഒരു സീനിൽ വരുന്ന കാരക്ടർ ആണേലും ഒരു അപ്രധാനമായ വ്യക്തി ആണേലും അവർ അവരുടെ അടയാളം അവശേഷിപ്പിച്ചുതന്നെ മുന്നേറുന്നു.

അപകടത്തിന്റെ തീവ്രത വളരെ വിശദമായും വികാരപരമായും കാണിച്ചു തരുന്നുണ്ട്. ഏറ്റവും അറിവുള്ള ശാസ്ത്രജ്ഞർ മുതൽ ഒന്നും

അറിയാത്ത പൊതുജനങ്ങളുടെ വരെ കൃത്യമായി ഇവിടെ place ചെയ്തിരിക്കുന്നു.

സോവിയറ്റ് യൂണിയന്റെ അഭിമാനമായ ചേർണോബിൽ എന്ന ആണവനിലയം. സീരീസ് കാണുന്ന ഏതൊരാൾക്കും ആണവനിലയത്തിലെ പ്രവർത്തനവും സംഭവിച്ച കാര്യങ്ങളെയും മനസിലാക്കിത്തരാൻ സാധിക്കുന്നു എന്നത് ഒരു പ്ലസ് പോയിന്റ് തന്നെയാണ്. നിയന്ത്രിതഊർജം കാര്യക്ഷമമായി ഉപയോഗിച്ചില്ലേൽ എങ്ങനെ ഒരു ന്യൂക്ലിയർ ബോംബ് ആയി മാറുന്നു എന്ന് വ്യകതമാക്കുന്നു. ഒരു സാധാരണ ബോംബ് സ്ഫോടനം പോലെ അല്ല ആണവനിലയം തകരുമ്പോൾ ഉണ്ടാവുന്നത് , അതിന്റെ പ്രത്യാഘാതം ദശാബ്ദത്തിലേറെ നീണ്ടുനിൽക്കും. റേഡിയോ ആക്റ്റീവ് മൂലകങ്ങൾ വികിരണങ്ങൾ പുറപ്പെടുവിച്ചുകൊണ്ടേ ഇരിക്കും. രാജ്യാന്തര അതിർത്തികൾ കടന്നും റേഡിയേഷൻ ചെന്നു എങ്കിൽ ഊഹിക്കാൻ സാധിക്കും കിലോമീറ്ററുകൾ മാത്രം ചുറ്റളവിൽ അതിന്റെ ആഘാതങ്ങൾ എത്രത്തോളം ആയിരിക്കും എന്ന്.

വൻദുരന്തം, അതിന്റെ രാഷ്ട്രീയവും, പ്രതിരോധപ്രവൃത്തികളും മാത്രമല്ല സീരീസ് മുന്നോട്ട് കൊണ്ടുപോകുന്നത്. മറിച്ച് എന്ത് സംഭവിച്ചു, എങ്ങനെ സംഭവിച്ചു, പരീക്ഷണം എങ്ങനെ പരാജയപ്പെട്ടു, എന്തുകൊണ്ട് മറച്ചുവെച്ചു എന്ന, സത്യത്തിനു വേണ്ടിയും നുണകൾ കൊണ്ട് ലോകത്തെ കബളിപ്പിച്ചവരും എങ്ങനെ എന്നൊക്കെയുള്ള കൃത്യമായ ചിത്രീകരണം കൂടെ നമുക്ക് കാണാം.

അവസാന എപ്പിസോഡിൽ എത്തുമ്പോ ഏറ്റവും ഗംഭീരമായ കയ്യടക്കത്തോടെ ദുരന്തം എങ്ങനെ എന്നതിലേക്ക് വിരൽ ചൂണ്ടുന്നു. ഓരോ നിമിഷവും പിടിച്ചിരുത്തുന്ന സംഭാഷങ്ങൾ കൊണ്ട് ഈ എപ്പിസോഡ് ഗംഭീരമായി അവസാനിപ്പിച്ചു. എങ്കിലും ചേർണോബിൽ എന്ന സത്യം ഈ ഒരു സീരീസ് കൊണ്ടുമാത്രം അളക്കാൻ പറ്റുന്ന ഒന്നല്ല. മനുഷ്യൻ തന്നെയാണ് ദുരന്തങ്ങൾക്ക് പിന്നിൽ എന്ന് അടിവരയിടുന്നു.

അവസാന എപ്പിസോഡിനെ പറ്റി ഒരുവരി കൂടെ എഴുതി നിർത്തുന്നു. കോർട്ട് റൂം ഡ്രാമ കണ്ട് അക്ഷരാർത്ഥത്തിൽ ഞെട്ടിപ്പോയി. അങ്ങനെ ഒരു രംഗം പ്രതീക്ഷിച്ചു കൊണ്ട് തന്നെ ഈ സീരീസ് നിങ്ങൾക് കാണാം, നഷ്ടമാവില്ല ഒരിക്കലും.

Watch on : Disney Hotstar.